**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6016** **25-03-2025 - ൽ മറുപടിയ്ക്ക്**

**തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിന്റെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ക്ഷേത്രത്തിലെ വലിയമ്പലം, ഊട്ടുപ്പുര, സ്ട്രോംഗ്റൂം ഭജനമഠം എന്നിവയുടെ മെയിന്റനൻസിനായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ് മുഖേന നടപടികൾ നടന്നു വരികയാണ് |
| (ബി) | ഊട്ടുപുര, ഭജനമഠം, ദേവസ്വം ഓഫീസ് ബിൽഡിംഗ്, സ്റ്റോർ റൂം, ടെംപിൾ സ്ട്രക്ച്ചർ, ആനക്കൊട്ടിൽ എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) | ഊട്ടുപ്പുര, ഭജനമഠം, ദേവസ്വം ആഫീസ് ബിൽഡിംഗ്. സ്ട്രോംഗ്റൂം, ടെമ്പിൾ സ്ട്രക്ചർ, ആനക്കൊട്ടിൽ എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (സി) | ടോയ്ലറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ക്ഷേത്രവുമായി ബന്ധപ്പെട്ട് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (ഡി) | വലിയമ്പലം, ഊട്ടുപ്പുര, സ്ട്രോംഗ്റൂം. ഭജനമഠം എന്നിവയുടെ അറ്റകുറ്റപണികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | ക്ഷേത്ര നവീകരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ